STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010

0471 2318188
info.pol@kerala.gov.in
statepolicemediacentre

No.426/PR/SPMC/PHQ/2021 Date :21.09.2021

**ആരോഗ്യപ്രവർത്തകർക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങളിൽ നടപടി വൈകരുത്: ഡി.ജി.പി**

ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ആരോഗ്യപ്രവർത്തകർ എന്നിവർക്കെതിരെ ഉണ്ടാകുന്ന ആക്രമണങ്ങൾക്കെതിരെ ശക്തമായ നടപടിയെടുക്കാൻ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്തിന്റെ നിർദ്ദേശം. ഇതു സംബന്ധിച്ച ഉത്തരവ് ഡി.ജി.പി പുറപ്പെടുവിച്ചു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണിത്.

ആരോഗ്യപ്രവർത്തകർക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങളിൽ ആശുപത്രിയോ ആശുപത്രി ജീവനക്കാരോ പൊതുജനങ്ങളോ നൽകുന്ന പരാതിയിൽ ഉടനടി നടപടി സ്വീകരിക്കാനാണ് സ്റ്റേഷൻ ഹൗസ് ഓഫീസർമാരോട് ആവശ്യപ്പെട്ടിരിക്കുന്നത്.

ആശുപത്രി ജീവനക്കാർക്കെതിരെ അക്രമം നടത്തുന്നവർക്കെതിരെ ചുമത്തുന്ന കേസുകളിൽ കാര്യക്ഷമവും കൃത്യതയാർന്നതുമായ അന്വേഷണം നടക്കുന്നുവെന്ന് ജില്ലാ പോലീസ് മേധാവിമാർ ഉറപ്പുവരുത്തണം. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ കാലതാമസം വരുത്താതെ നടപടി സ്വീകരിക്കണം.

സോൺ ഐ.ജിമാർ, റെയ്ഞ്ച് ഡി.ഐ.ജിമാർ എന്നിവർ ജില്ലാ പോലീസ് മേധാവിമാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണ്ട നിർദ്ദേശം നൽകുകയും വേണം.

ആശുപത്രിയിലെ പോലീസ് എയ്ഡ് പോസ്റ്റ് സംവിധാനം ശക്തിപ്പെടുത്തന്നതിനും ഇതിലൂടെ ആരോഗ്യപ്രവർത്തകർക്ക് സുരക്ഷയൊരുക്കുന്നതിനും എല്ലാ കമ്മീഷണർമാർക്കും ജില്ലാ പോലീസ് മേധാവിമാർക്കും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകി.

*************************************